

*Bismillah-ir-Rahman-ir-Rahim*

# MESSAGE OF THE KHALIFATULLAH

## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

## 16 MAY 2020

## MESSAGE OF THE KHALIFATULLAH
## ഖലീഫത്തുല്ലാഹ്‌യുടെ സന്ദേശം

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽ ഫാതിഹ ഇവ ഓതിയ ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് (അ) താഴെപ്പറയുന്ന ഖുർആൻ ആയത്ത് ഓതുകയുണ്ടായി.

أَفَكُلَّمَا جَآءَكُمْ
رَسُولٌۢ بِمَا لَا تَهْوَىٰٓ
أَنفُسُكُمُ ٱسْتَكْبَرْتُمْ فَفَرِيقًا
كَذَّبْتُمْ وَفَرِيقًا تَقْتُلُونَ ٨٧

(2:88)

അപ്പോൾ നിങ്ങളുടെ മനസ്സുകൾ ഇഷ്ടപ്പെടാത്ത സന്ദേശവുമായി നിങ്ങളുടെ അടുക്കൽ ഓരോ ദൂതൻ വരുമ്പോഴും നിങ്ങൾ ഗർവ്വു കാണിയ്ക്കുകയും, അങ്ങനെ അവരിൽ ചിലരെ നിങ്ങൾ നിഷേധിച്ചുതള്ളുകയും മറ്റു ചിലരെ നിങ്ങൾ കൊലപ്പെടുത്തുകയുമാണോ ചെയ്യുന്നത്? (അൽ ബഖറ 2:88)

തുടർന്ന് അദ്ദേഹം വിഷയത്തിലേക്ക് കടന്നു.

എന്റെ പ്രിയ സഹോദരീസഹോദരന്മാരെ, കുഞ്ഞുങ്ങളെ,
**അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.**

എന്റെ അനുയായികളിൽ ഒരാളും, വാർധക്യസഹജമായ അസുഖങ്ങൾ അലട്ടിയിരുന്ന, തിരുനെൽവേലി സ്വദേശിയുമായ 83കാരൻ, കൊറോണാ വൈറസ് ബാധയെത്തുടർന്ന്, ഈ പരിശുദ്ധ റമദാനിൽ മരണപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന്, അഹ്മദിയ്യാ മുസ്ലിം സമൂഹത്തിലെ ചില അംഗങ്ങളും, മുല്ലാമാരും തങ്ങളുടെ മാന്യതയുടെ അതിരുകൾ ലംഘിയ്ക്കുന്ന തരത്തിൽ, ആ മാന്യവൃദ്ധനും, ഈ വിനീതനുമെതിരിൽ വ്യാജ ആരോപണങ്ങൾ, സമൂഹമാധ്യമത്തിൽ വ്യാപിപ്പിയ്ക്കുന്ന പ്രവർത്തനങ്ങളിൽ, വ്യഗ്രത പൂണ്ടിരിക്കുന്നു എന്നത്, അലോസരപ്പെടുത്തുന്ന വസ്തുതയാണ്. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെ കരിവാരിത്തേക്കുന്ന നിലയിൽ, അല്ലാഹുവിനെയും, അവന്റെ ഖലീഫത്തുല്ലാഹ്-യെയും അധിക്ഷേപിക്കുന്ന രീതിയിലുള്ള ഓഡിയോക്ലിപുകളും, വീഡിയോ ക്ലിപ്പുകളും വാട്സ് ആപ് പോലെയുള്ള സമൂഹമാധ്യമങ്ങളിലൂടെ അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

മുല്ലാമാരിൽ ഒരാളായ ഷാജഹാൻ ഇപ്രകാരം പറയുകയുണ്ടായി.

**അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.**
മരണപ്പെട്ടത് ഷാനവാസ് സാഹിബ്, സലീം സാഹിബ്, നസീർ സാഹിബ് എന്നിവരുടെ പിതാവാണ്. അവരെല്ലാവരും മുമ്പ് നമ്മുടെ ജമാഅത്തിലെ അംഗങ്ങൾ ആയിരുന്നു. അവരുടെ പിതാവ് ഇപ്പോൾ മരണപ്പെട്ടിരിക്കുന്നു. അവർ അവരുടെ പിതാവും, മറ്റെല്ലാ കുടുംബാംഗങ്ങളും ഉൾപ്പടെ മൗറീഷ്യസ് ഗ്രൂപ്പിൽ അംഗങ്ങളായി മാറിയിരുന്നു. അതിനുശേഷം അവർ നമ്മെ നിരന്തരം എതിർത്തുകൊണ്ടിരുന്നവരാണ്. മേലെ പാളയം ജമാഅത്തിനെതിർവശത്താണ് അവരുടെ വീട്. അവിടെ 83 വയസ്സ് പ്രായമുള്ള ഇദ്ദേഹം മാത്രം കൊറോണ ബാധിച്ചു മരിച്ചു. ഇത്തരുണത്തിൽ എടുത്തു പറയേണ്ട വസ്തുത കൊറോണ വൈറസ്നെപ്പറ്റിയുള്ള അവരുടെ വാദമുഖം തന്നെയാണ്. മുനീർ അഹ്മദ് അസീം ഈ കാലഘട്ട

ത്തിലെ പ്രവാചകൻ ആണ് എന്നതിനുള്ള ഈ കാലഘട്ടത്തിലെ അടയാളം ആണ് ഇത് എന്നും, അത് തങ്ങളെ ബാധിക്കുകയേ ഇല്ല എന്നും, ഇത് സംബന്ധമായ വാഗ്ദാനം അല്ലാഹുവിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നും അവർ പ്രചരിപ്പിക്കുന്നു. ഫെയ്സ് ബുക്കിലൂടെയും, വാട്ട്സ് ആപ്പിലൂടെയും അവർ അത് പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഇപ്പോഴിതാ, അവരുടെ കൂട്ടത്തിലെ തന്നെ ഒരാൾ കൊറോണ രോഗബാധിതനായി. കൊറോണാ വൈറസ് ഇക്കൂട്ടരെ കീഴടക്കിയിരിക്കുന്നു. അങ്ങനെ, ഇത് അല്ലാഹുവിന്റെ അടയാളമായി, ജസാക്കുമുല്ലാഹ്

എന്റെ അനുയായികളിൽ ഒരാളും, കൊറോണ വൈറസ് ബാധിതനാവുകയില്ല എന്ന് ഞാൻ പറഞ്ഞിരിക്കുന്നുവെന്ന് അവർ വാദിക്കുന്നു. അത് തീർത്തും തെറ്റാണ്. ഞാൻ പറഞ്ഞത് ഇങ്ങനെയാണ്. അല്ലാഹു എനിയ്ക്ക് ഇപ്രകാരം വെളിപ്പെടുത്തി തന്നിരിക്കുന്നു. എന്റെ സമുദായത്തിൽ നിന്നുള്ള ആളുകളിൽ, ഈ ദൈവീക ദൃഷ്ടാന്തങ്ങളിൽ വിശ്വസ്തത പുലർത്തുകയും, ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനായ ഈ വിനീതനിൽ അടിയുറച്ച് വിശ്വസിക്കുകയും, പൂർണ്ണമായ അനുസരണം പുലർത്തുകയും, അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനെതിരെ സംസാരിക്കുകയോ, അദ്ദേഹവുമായി തർക്കത്തിൽ ഏർപ്പെടുകയോ ചെയ്യാത്ത എല്ലാവരും, അവരുടെ എണ്ണം എത്രതന്നെയായാലും, കൊറോണാ വൈറസിൽ നിന്നും സുരക്ഷിതരായിരിക്കും. അവർക്കൊരിക്കലും കൊറോണ പിടിപെടുകയില്ല എന്നു ഞാൻ പറഞ്ഞിട്ടില്ല, ഞാൻ പറഞ്ഞത്, തീർച്ചയായും അവരിലൂടെ അല്ലാഹു അവന്റെ ദൃഷ്ടാന്തം വെളിപ്പെടുത്തും എന്നാണ്. എന്റെ അനുയായികൾ താരതമ്യേന സുരക്ഷിതരായിരിക്കും. താരതമ്യേന എന്ന പദം കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? അല്ലെയോ, മുല്ലാ: നിങ്ങൾ എന്താണ് താരതമ്യേന എന്ന വാക്കിന് കൊടുത്ത അർത്ഥം! പ്രസ്തുത വാക്കിന് പൂർണ്ണമായും എന്ന അർത്ഥമില്ല. വാർധക്യത്തിലെത്തി മരണാസന്നനായ ഒരാളെ സംബന്ധിച്ചിടത്തോളം (എന്റെ ശിഷ്യനായ ഖാജാ മുഹ്യിദ്ദീൻ സാഹിബിനെ പോലെ) അത്തരക്കാർക്ക് കൊറോണ വേഗം പിടിപെട്ടേക്കാം. ദുആയുടെ ഫലമായി, നമ്മുടെ പരമകാരുണികനായ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് കൃത്യം ഒരു വർഷം കൂടി അല്ലാഹു ജീവിതം നീട്ടി നല്കിയതാണ്. അല്ലാഹു (ത) അവന്റെ അതിമഹത്തായ ശക്തി മാഹാത്മ്യം അദ്ദേഹത്തിലൂടെ വെളിപ്പെടുത്തിയതാണ്. ഇപ്പോൾ അദ്ദേഹത്തിലൂടെ തന്നെയും, മറ്റ് ഭക്തരായ അംഗങ്ങളിലൂടെയും, എതിരാളികളുടെ ഉള്ളിലിരുപ്പ് അല്ലാഹു(ത) വെളിപ്പെടുത്തിയിരിക്കുന്നു. പ്രതാപവാനായ അല്ലാഹുവിന്റെ ശക്തിമത്തായ ഉദാഹരണം അവൻ (അല്ലാഹു) ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയിരിക്കുന്നു.

വൈറസ് രോഗം ബാധിക്കുന്നതും, അതുമുഖേന മരിയ്ക്കുന്നതും, രണ്ട് വ്യത്യസ്തങ്ങളായ കാര്യങ്ങൾ ആണ്. സംഭവിച്ചതു സംഭവിച്ചു! ഈ രോഗബാധയ്ക്ക് ഇരയാവുന്ന ഭക്തരായ വിശ്വാസികൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷികൾ ആയി മാറുന്നു. ഖ്വാജാ മുഹ്യിദ്ദീൻ സാഹിബിന്റെ കാര്യമെടുത്താൽ, അദ്ദേഹത്തിന്റേത് ഇരട്ട രക്തസാക്ഷിത്വമാണ്. കാരണം അദ്ദേഹത്തിന്റെ അന്ത്യം സംഭവിച്ചത് പരിശുദ്ധ റമദാനിലുമാണ്.

അതുകൂടാതെ അദ്ദേഹത്തിന്റെ മൂത്തമകനായ ഷാനവാസ് സാഹിബ് എനിക്ക് സമർപ്പിച്ച റിപ്പോർട്ട് (പ്രസ്തുത-റിപ്പോർട്ട് 2020 മെയ് 8 വെള്ളിയാഴ്ച ജുംആ ഖുത്തുബയിൽ ഞാൻ വായിച്ചു കേൾപ്പിച്ചതായിരുന്നു) പ്രകാരം അദ്ദേഹത്തെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും, റിസൽറ്റ് കോവിഡ് ആണ് എന്ന് തീരുമാനിക്കുകയും ചെയ്ത ഉടനെതന്നെ, അവർ അദ്ദേഹത്തിനു നല്കിയിരുന്ന ഓക്സിജൻ മാറ്റുകയും, അദ്ദേഹത്തെ കൊറോണ വൈറസ് ഐസൊലേഷൻ വാർഡിലേക്ക് മാറ്റുകയും ചെയ്തു. ദീർഘകാലമായുള്ള ആരോഗ്യപ്രശ്നങ്ങളും, വാർധക്യസഹജമായ അവശതകളും, കൂടാതെ പ്രതിരോധിക്കുവാനുള്ള അദ്ദേഹത്തിന്റെ അനാരോഗ്യം അദ്ദേഹത്തിന് മരണഹേതുവായി മാറി.

ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

2020 മെയ് 9ന് പുറത്തിറങ്ങിയ ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന അദ്ദേഹത്തിന്റെ മരണം സംബന്ധിച്ച വാർത്താഭാഗങ്ങൾ

ഞാൻ ഉദ്ധരിക്കുകയാണ്. കളക്ടർ ശില്പാ പ്രഭാകർ സതീഷ്, അദ്ദേഹത്തിന് പലവിധത്തിലുള്ള രോഗാവസ്ഥയും ഉണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് പ്രമേഹവും, രക്തസമ്മർദ്ദവും ഉണ്ടായിരുന്നു. നിങ്ങളോട് നേരത്തെ ഞാൻ സൂചിപ്പിച്ചിരുന്നതുപോലെ, ഖ്വാജാ മുഹ്‌യ്ദ്ദീൻ സാഹിബ് കഴിഞ്ഞ ഇരുപത് വർഷത്തോളമായി ഗുരുതരമായി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്ന ആളായിരുന്നു. പ്രത്യേകിച്ചും വാർധക്യകാലത്തിൽ രോഗിയായി തുടരുന്ന ആളുമായ അദ്ദേഹത്തിന്റെ അവസ്ഥയെപറ്റി ഞാൻ 2020 മെയ് 5നു നല്കിയ സന്ദേശത്തിലും, തുടർന്ന് 2020മെയ് 8നു നടത്തിയ ഖുത്തുബയിലും സൂചിപ്പിച്ചിരുന്നതുപോലെ, എന്റെ ശിഷ്യൻ എത്ര തന്നെ ഭക്തനായിരുന്നാലും, ഏതു മനുഷ്യനേയും പോലെ അല്ലാഹു ഒരാൾക്ക് നിശ്ചയിച്ചിരിക്കുന്ന സമയം എത്തിക്കഴിഞ്ഞാൽ, അദ്ദേഹം തീർച്ചയായും മരണമടയുക തന്നെ ചെയ്യും. കാരണം ആരും മരണത്തിന് അതീതരല്ല തന്നെ.

എന്റെ ശിഷ്യന്മാർക്കെന്നപോലെ, മാനവരാശിയ്ക്ക് ആകമാനം പരീക്ഷണങ്ങളുടെ ഘട്ടമാണ് ഈ സമയം, എന്റെ വിശ്വസ്തരായ അനുയായികളോട് ഇതിൽ നിന്നും രക്ഷപ്പെടുന്നതിനായി മറ്റൊരു ഊടുവഴിയും തേടരുത് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യൻ തങ്ങൾക്ക് കൊറോണ വൈറസ് ബാധയിൽ നിന്നും രക്ഷപ്പെടാമെന്ന വ്യാജേന നിർമ്മിച്ചുവെച്ചിരിക്കുന്ന ഒറ്റമൂലികളേയും, പരിഹാരമാർഗ്ഗങ്ങളേയും ആണ്. കൊറോണവൈറസ് ബാധയ്ക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും രോഗങ്ങൾക്കോ, പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതും, മരുന്നുകൾ ഉപയോഗിക്കുന്നതും നിയമവിരുദ്ധമാണ് എന്ന് ഞാൻ പ്രഖ്യാപിക്കുകയില്ല. നമ്മുടെ വിശുദ്ധപ്രവാചകൻ ഹസ്രത് മുഹമ്മദ് നബി(സ) പറഞ്ഞിരിക്കുന്നു. അല്ലാഹു മറുമരുന്ന് നല്കിയിട്ടില്ലാത്ത ഒരു രോഗവും ഇല്ല. എന്നാൽ അല്ലാഹു ദൈവീക ദൃഷ്ടാന്തമെന്ന നിലയിൽ എനിയ്ക്കും, എന്നെ ആത്മാർത്ഥമായി അംഗീകരിക്കുന്ന എന്റെ വിശ്വസ്തരായ, ശിഷ്യർക്കും കനിഞ്ഞു നല്കിയിരി

ക്കുന്ന ഈ പ്രത്യേക അനുഗ്രഹത്തെ വാക്സിനേഷൻ മുഖേന മറച്ചു വെക്കുന്നത് പാപമാണെന്ന് ഞാൻ കരുതുന്നു. അക്കാരണത്താൽത്തന്നെ എനിക്ക്, വാക്സിനേഷനു വിധേയനായി അല്ലാഹുവിന്റെ ഈ ദിവ്യാനുഗ്രഹത്തെ അപഹസിക്കുന്നതിനും, അതിന്റെ മൂല്യമിടിച്ചു കാട്ടുന്നതിനും, അതുമുഖേന അല്ലാഹു നല്കിയ വാഗ്ദാനത്തിൽ വിശ്വാസമില്ലാത്തവനായി മാറുന്നതിനും സാധ്യമല്ല. ഗവൺ മെന്റിന്റെ പൊതുവിലുള്ള നയം തങ്ങളുട ജനതയെ ഈ വിപത്തിൽ നിന്നും സംരക്ഷിക്കുക എന്നതാണ്. വാക്സിനേഷൻ ഒഴികെയുള്ള ഏതു രോഗ പ്രതിരോധ നടപടികളും അവർ സ്വീകരിക്കുക തന്നെ ചെയ്യും. എന്റെ ഈ തീരുമാനം ഗവൺമെന്റ് നയങ്ങൾക്ക് ഘടകവിരുദ്ധമായ ഒന്നല്ല.

അനതിവിദൂരഭാവിയിൽ ഇതിനുള്ള വാക്സിൻ മനുഷ്യർ കണ്ടുപിടിയ്ക്കുക തന്നെ ചെയ്യും. പക്ഷേ, എന്റെ അനുയായികൾ, അവരെ, അല്ലാഹുവിൽ ഭരമേല്പിക്കേണ്ടതാണ്. അങ്ങനെ വരുകിൽ അല്ലാഹു ലോകത്തിന് ഒരടയാളമെന്ന നിലയിൽ അവർക്ക് ഏറ്റവും ഫലപ്രദമായ ഒരു പ്രതിവിധി വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. അവരെ മരണത്തിനു വിടില്ല എന്ന അടയാളമല്ല. മറിച്ച് (അത് അല്ലാഹുവിന്റെ ഇച്ഛാനുസരണം മാത്രമുള്ള സംഗതിയാണ്, അത് അങ്ങനെയേ ഭാവിയിലും സംഭവിയ്ക്കുകയുള്ളൂ) മറ്റുള്ളവരെ അപേക്ഷിച്ച്, ഈ ഭക്തദാസർക്ക് അല്ലാഹു അവന്റെ പ്രത്യേക അനുഗ്രഹങ്ങൾ വർഷിച്ചു നല്കുക തന്നെ ചെയ്യും. എടുത്തു പറയുകയാണെങ്കിൽ അല്ലാഹുവിനെയും, അവന്റെ തെരെഞ്ഞെടുത്ത ദൂതനെയും, അദ്ദേഹത്തിന്റെ ജമാഅത്തിനെയും-സഹീഹുൽ ഇസ്ലാമിനെയും കളിയാക്കുന്നവരെ അപേക്ഷിച്ച് !

ഗവൺമെന്റ് നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് ഇനി അവർ വാക്സിനേഷനോ അതുപോലെയുള്ള പ്രതിരോധ നടപടികളോ സ്വീകരിക്കുവാൻ നിർബന്ധിതരായാൽ, അവർക്ക് അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ മനഃപൂർവ്വം ധിക്കരിക്കണം എന്ന ചിന്തയില്ലാത്തതിനാൽ അല്ലാഹു അവരോട് കരുണയോടെ തിരിയുന്നതാണ്. കാരണം അവർ അതിനു നിർബന്ധി

തരാക്കപ്പെട്ടവരാണ്. വാസ്തവത്തിൽ, നാമിപ്പോൾ കടന്നുപോകുന്നത് വിധിനാൾ പോലെയുള്ള ഒരു പരീക്ഷണഘട്ടത്തിലൂടെയാണ്. അല്ലാഹുവിനേയും അവന്റെ ഖലീഫയേയും അനുസരിക്കുകയും പിന്തുടരുകയും ചെയ്യുന്നവർ വിജയിക്കുക തന്നെ ചെയ്യും, ഭൂമിയിൽ മാത്രമല്ല, അല്ലാഹു അവർക്ക് മരണം വിധിക്കുകയാണെങ്കിൽ, അക്കൂട്ടർക്ക് അല്ലാഹു ഏറെ മനോഹരമായ ഒരു ശാശ്വത ജീവിതം-യഥാർത്ഥജീവിതം -നീക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു. ഇൻശാഹ് അല്ലാഹ്!

ബദ്ർ യുദ്ധത്തിലെന്നപോലെ, കുറച്ച് വിശ്വാസികൾ രക്തസാക്ഷികളായി മാറുകയും, അതിജീവിച്ചവർ, തിരുനബി(സ) യുടെ ജീവിതകാലത്തും, തുടർന്നും, ഇസ്ലാമിന്റെ മഹത്തായ വിജയത്തിനായി തങ്ങളാൽ കഴിയുന്ന സേവനങ്ങൾ നല്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുക തന്നെ ചെയ്യും, വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ) നിങ്ങളോട് പറഞ്ഞതു തന്നെയാണ്, എനിക്ക് ഇപ്പോഴും നിങ്ങളോട് പറയുവാനുള്ളത്. ഇത് അല്ലാഹുവിന്റെ നടപടിക്രമമാണ്. അതായത് ഈ കാലഘട്ടത്തിലും, അന്ത്യവിധിനാൾ വരെയും, യഥാർത്ഥ ഭക്തദാസരായ വിശ്വാസികളുടെ എണ്ണം ദൂതനെ പരിഹസിക്കുന്നരുടെ എണ്ണത്തെക്കാൾ മുന്നിട്ടു നില്ക്കുക തന്നെ ചെയ്യും. ദൂതൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഈ വീനിതനെയും, എനിക്ക് ശേഷം എന്റെ അധ്യാപനങ്ങൾ (ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എന്റെ യജമാനരായ ഹസ്രത് മുഹമ്മദ് (സ) യുടെയും, വാഗ്ദത്ത മസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ)യുടെയും മറ്റെല്ലാ അനുഗ്രഹീത പ്രവാചകരുടെയും അധ്യാപനങ്ങൾ ആയ, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ജനങ്ങൾ മറന്നുപോകുന്ന കാലഘട്ടത്തിൽ പരിശുദ്ധാത്മാവിനെക്കൊണ്ട് ബലപ്പെടുത്തി അല്ലാഹു നിയോഗിക്കുന്ന അവന്റെ ദൂതനെയും ആണ്.

അതുപോലെ ഞാൻ ലോകരോട് പറഞ്ഞു; **"ഞാൻ പറയുന്നതിനെ പരിഹസിക്കുകയും, എന്നെ ഭ്രാന്തൻ എന്നുവിളിച്ചാക്ഷേപിക്കുകയും ചെയ്യുന്നവരെ, അല്ലാഹു(ത) ശിക്ഷിക്കുന്നതാണെന്ന്, അവൻ എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു." അവന്റെ (അല്ലാഹു(ത)യുടെ) കോപം ഉണർന്നിരിക്കുന്ന അവ**

സ്ഥയിലാണ്. അതിനാലവൻ നശിപ്പിക്കുക തന്നെ ചെയ്യും. ഒരുപാട് ജീവനുകൾ നശിപ്പിക്കപ്പെടുകതന്നെ ചെയ്യും. അവൻ എന്നോട് വെളിപ്പെടുത്തി തന്നിരിക്കുന്നു. ഓ, എന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസാ, നിന്നിൽ ആത്മാർത്ഥമായി വിശ്വസിയ്ക്കുന്നവരെ ഓർത്ത് വ്യാകുലപ്പെടേണ്ടതില്ല. അവരെ ഞാൻ ഒഴിവാക്കുന്നതാണ്. അവർ സമാധാനമായി ജീവിക്കുന്നവരാണ്. (അതായത്, അവർക്ക് വൈറസ് പിടിപെട്ടാലും അല്ലാഹു അവരെ സംരക്ഷിക്കുകയും അവരിലൂടെ അവന്റെ ദൃഷ്ടാന്തങ്ങളെ വെളിപ്പെടുത്തുകയും ചെയ്യും) അല്ലാഹു (ത) എന്റെ ശിഷ്യരെ മാനവരാശിയ്ക്കുള്ള ദൃഷ്ടാന്തങ്ങളായി മാറ്റുന്നു. അവർക്ക്, സംഭവിക്കുന്ന എന്തിന്റെയെങ്കിലും പേരിൽ അവന്റെ ദൃഷ്ടാന്തങ്ങളെ കളിയാക്കുന്നവർ ഓർത്തുകൊള്ളട്ടെ. കുറ്റവാളികൾ സുരക്ഷിതരാണെന്ന് വിശ്വസിയ്ക്കേണ്ട. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിച്ചതിന്റെ പേരിൽ വിശ്വാസികളെ പീഡിപ്പിച്ചവരാണ് കുറ്റവാളികൾ. അല്ലാഹു പറയുന്നു, നാം അത്തരക്കാരുടെ വീടുകളെ സമീപിച്ചുകൊണ്ടിരിക്കുന്നു. കൊറോണ വൈറസിന്റെ എണ്ണം വർധിപ്പിച്ചുകൊണ്ട് ഞാൻ എന്റെ സൈന്യത്തെ തയ്യാറാക്കിയിരിക്കുന്നു. ചത്ത മൃഗങ്ങളെപ്പോലെ ജനങ്ങൾ അവരുടെ ഭവനങ്ങളിൽ നിർജ്ജീവരാക്കപ്പെടുന്നതാണ്. അപ്പോൾ ആ ദിനം അല്ലാഹുവിന്റെ മഹത്തായ വിജയദിനം ആയിരിക്കും. അതുകൊണ്ട് ഓർത്തിരിക്കുക, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ പരിഹസിക്കുകയും അവന്റെ ദൂതന്റെ സന്ദേശങ്ങളെ കരിവാരിത്തേക്കുകയും ചെയ്യുന്നവർക്കെതിരെ അല്ലാഹു ഈ വൈറസ് പ്രയോഗിക്കുക തന്നെ ചെയ്യും. കാരണം അവരുടെ ഈ പ്രവൃത്തികൾ അവനെ പ്രകോപിതനാക്കും അപ്പോൾ അവരെ നിഷ്ഠൂരമായ നിലയിൽ നശിപ്പിക്കുകയും ചെയ്യും.

അല്ലാഹു(ത)തുടർന്നു പറയുന്നു; നിനക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും, നിന്റെ ഭയാനകമായ അന്ത്യത്തിനായി കാത്തിരിക്കുകയും ചെയ്യുന്നവരുടെ കാര്യം ഞാൻ ഏറ്റെടുത്തിരിക്കുന്നു. നീ നിന്നെ എന്നിൽ ഭരമേല്പിക്കുക. ഭൗതീകമായ പരീക്ഷണങ്ങൾ തുടർന്ന് കൊണ്ടിരിക്കും. എന്നാൽ

ഓർക്കുകയും വിശ്വാസം അർപ്പിക്കുകയും ചെയ്യുക. ഓ! എന്റെ ഖലീഫത്തുല്ലാഹ്, വിജയം താങ്കൾക്ക് ഒപ്പവും, പരാജയം താങ്കളുടെ ശത്രുക്കളുടെ ഒപ്പവും ആകുന്നു. ആ ദിവസം സംജാതമാകുവാനായി കാത്തിരിക്കുക. ഇത് താങ്കളുടെ സ്രഷ്ടാവിൽ നിന്നുള്ള വെളിപാട് ആകുന്നു. **(Message of the Khalifatullah Munir Ahmad Azim (A) On Youtube dated 11 March 2020)**

ചുരുക്കിപ്പറഞ്ഞാൽ, തിരുനെൽവേലിയിലെ അഹ്മദിയ മുസ്ലിം കമ്മ്യൂണിറ്റിയിലെ മുല്ലാക്കളിൽ ഒരാളായ ഷാജഹാനെ, പോലെയുള്ളവർ പരിധി ലംഘിക്കുകയും, അല്ലാഹുവിനും, അവന്റെ ഖലീഫത്തുല്ലാഹ്യ്ക്കുമെതിരിൽ മോശമായ പദപ്രയോഗങ്ങൾ നടത്തുകയും ചെയ്തിരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു, അവന്റെ ദൂതനും, ജമാഅത്തിനും എതിരെ ആക്ഷേപം ഉന്നയിച്ചവർക്കെതിരെ നടപടി സ്വീകരിക്കുന്ന ദിനം അധികം ദൂരെയല്ല എന്ന് ഞാൻ ഭയപ്പെടുകയും, ഇത്തരം മുല്ലാക്കന്മാരെ അവരുടെ നാശത്തിലേക്ക് അവൻ തള്ളിവിടുകയും ചെയ്യുന്നതാണ് എന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

ഈ മുല്ല ഇങ്ങനെയും പറയുകയുണ്ടായി. അഹ്മദിയ്യ ജമാഅത്തിൽ ഫിത്ന ഉണ്ടാക്കാൻ ശ്രമിച്ചയാളാണ് അദ്ദേഹം. അതിന്റെ ശിക്ഷയാണ് ഈ കിട്ടിയിരിക്കുന്നത്. ഒരു ഖലീഫ എന്ന നിലയിൽ അദ്ദേഹത്തിന് ഇതല്ല, മരണശിക്ഷയായിരുന്നു കൊടുക്കേണ്ടിയിരുന്നത്.

മരണശിക്ഷ നല്കേണ്ടിയിരുന്നതാണ്. പക്ഷേ, ഖലീഫ അദ്ദേഹത്തോട് ദയ കാണിച്ചു. അദ്ദേഹത്തെ നിസ്സാമെ ജമാഅത്തിൽ നിന്നും പുറത്താക്കുക മാത്രമാണ് ചെയ്തത്. അതുകൊണ്ട്, നന്ദി പറയുക. എന്നിട്ട് സ്വന്തം ജോലി നോക്കി പോവുക. അതാണ് നിങ്ങൾക്ക് നല്ലത്! അങ്ങനെ പോകാതെ ജമാഅത്തിനെ തകിടം മറിയ്ക്കാൻ ശ്രമിച്ചാൽ!

ആവേശത്തിന് അടിമപ്പെട്ട ആ മുല്ലാ, ഖലീഫയെ സംരക്ഷിക്കാനായി മുന്നോട്ടു വന്ന ആവേശത്തിൽ, ഇത്തരം ജല്പനങ്ങൾ പുറപ്പെടുവിക്കും മുമ്പ് സ്വന്തം കാര്യം നോക്കാൻ മറന്നുപോയി!

സത്യമായ പ്രവചനങ്ങൾ ഇന്നല്ലെങ്കിൽ നാളെ പുലരുക തന്നെ ചെയ്യും. ദിവ്യമായ പിന്തുണയില്ലാതെ ഒരു കള്ളന് ഒരയ്ക്കലും, കോവിഡ്-19 നെ പോലെയുള്ള ഒരു മഹാമാരിയെ പറ്റി ഇത്ര സുവ്യക്തമായി പ്രവചിക്കുവാൻ സാധിക്കുകയില്ല. ചില ആളുകൾ ഊഹിച്ചു പറയുന്നു. എന്നാൽ അല്ലാഹുവിന്റെ കൂട്ടർക്ക് അല്ലാഹു നേരിട്ട് വിവരങ്ങൾ അറിയിച്ചു നല്കുന്നു. അവർ ആ അറിവിന്റെ അടിസ്ഥാനത്തിൽ മാനവരാശിയ്ക്ക് താക്കീതും, മുന്നറിയിപ്പും നല്കുകയും ചെയ്യുന്നു. ഏറെക്കാലമായി ഞാൻ ജനങ്ങൾക്ക് മുന്നറിയിപ്പു നല്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, വളരെക്കുറച്ച് പേർ മാത്രമേ തങ്ങൾക്ക് വരാൻ പോകുന്ന വിപത്തിന്റെ, ആ മുന്നറിയിപ്പിനെ, മുഖവിലയ്ക്കെടുത്തിട്ടുള്ളൂ.

അല്ലയോ വിഡ്ഢിയായ മുല്ലാ! വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്നത് എന്താണെന്ന് താങ്കൾക്കറിയില്ലേ?

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ
وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً وَمَا
كَانَ لِرَسُولٍ أَن يَأْتِيَ بِـَٔايَةٍ إِلَّا
بِإِذْنِ ٱللَّهِ لِكُلِّ أَجَلٍ كِتَابٌ

(13:39)

ഒരു ദൂതനും അല്ലാഹുവിന്റെ അനുമതി കൂടാതെ ഒരു ദൃഷ്ടാന്തം കൊണ്ടുവരാനാവുകയില്ല. (സൂറ അൽ-റഅദ് 13:39)

1929 ൽ മിർസായി ഹഖീഖത്ത് കാ ഇസ്ഹർ എന്ന പുസ്തകത്തിൽ അഹ്‌ലെ സുന്നത്ത് വൽ ജമാഅത്തിലെ മുല്ലാക്കൾ എഴുതിയതെന്താണ് എന്ന് താങ്കൾക്ക് അറിയില്ലെ? അവർ രേഖപ്പെടുത്തിയിരിക്കുന്നത് മിർസാജി (വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ)) ഖാദിയാനിൽ പ്ലേഗ് ബാധിക്കില്ല എന്ന് എഴുതിവച്ചിരിക്കുന്നു എന്നാണ്. അവർ ഇതിനുവേണ്ടി തെളി

വായി എടുത്തു കാട്ടിയത് മവാഹിബുർറഹ്മാനിൽ ഹസ്രത് അഹ്മദ് (അ) പറഞ്ഞ വചനങ്ങളാണ്. അതായത് തന്നിൽ അടിയുറച്ചു വിശ്വസിക്കുന്ന ഭക്തവിശ്വാസികൾ പ്ലേഗിൽ നിന്നും അതിന്റെ ദുരിതങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കും. അവർ സമാധാനത്തിലും ശാന്തിയിലുമായിരിക്കും.

അന്നത്തെ ആ മുല്ലാക്കൾ എഴുതി. അതായത് മിർസാ പറഞ്ഞു, ലോകത്ത് എവിടെയൊക്കെ മിർസായികളുണ്ടോ (അതായത് അദ്ദേഹത്തിൽ വിശ്വസിച്ചവർ) അവരെ ഈ മഹാവ്യാധി/സാംക്രമിക രോഗം ബാധിക്കുന്നതല്ല. മിർസായികൾ, അവർ പറഞ്ഞപ്രകാരം, ഈ സാംക്രമിക രോഗത്താൽ മരണപ്പെട്ടപ്പോൾ, അനേകർ അദ്ദേഹത്തിനെതിരിലും അഹ്മദിയ്യാ പ്രസ്ഥാനത്തിനെതിരിലും, അനുചരന്മാർക്കെതിരിലും, പ്രതിഷേധവും പ്രക്ഷോഭവുമായി അണി നിരന്നു. ഇന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനും ഈ വിനീതനും, അനുചരന്മാർക്കുമെതിരിൽ വിഢ്ഢികളായ അഹ്മദിയ്യാ മുല്ലാക്കൾ പ്രതിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതുപോലെ!

സുന്നിമുല്ലാക്കൾ ഉദ്ധരിക്കുന്നതു കാണുക. ദാഫിഉൽ ബലാ എന്ന പുസ്തകത്തിൽ പേജ് 8ൽ പറഞ്ഞിരിക്കുന്നു. അല്ലാഹു (ത) ഖാദിയാൻ എന്ന പേര് ഏറ്റെടുത്തിരിക്കുന്നു. കാരണം ഇനിമേൽ ഖാദിയാനിൽ യാതൊരു വിധ ഭയപ്പാടും ഉണ്ടാകുന്നതല്ല. സാംക്രമിക രോഗത്താലുള്ള നാശം സംഭവിക്കുന്നതുമല്ല, കാരണം ഈ സ്ഥലം അവന്റെ പ്രവാചകന്റെ ഇരിപ്പിടമാക്കിയിരിക്കുന്നു. ഇത് എല്ലാ ജനങ്ങൾക്കുമുള്ള ഒരു ദൃഷ്ടാന്തമാകുന്നു. അവർ തുടർന്നു പറയുന്നു. ഈ പകർച്ചവ്യാധി പടർന്നു പിടിക്കുമ്പോൾ, ഖാദിയാനിലെ അന്തേവാസികൾ വളരെ കുറവായിരുന്നു. ഖാദിയാൻ ഒരു ചെറിയ ഗ്രാമവുമായിരുന്നു. പൈസാ അഖ്ബാർ എന്ന ലാഹോറിലെ ദിനപ്പത്രം 1904 ഏപ്രിൽ 20ന് എഴുതുകയുണ്ടായി. ഖാദിയാൻ എന്ന സ്ഥലം പഞ്ചാബിൽ സ്ഥിതി ചെയ്യുന്നു. പകർച്ചവ്യാധി പടർന്ന് മലീമസമാക്കപ്പെട്ട പ്രഥമ സ്ഥലമാകുന്നു ഖാദിയാൻ. അവിടെ 20 മരണങ്ങൾ സംഭവിക്കുകയുണ്ടായി. ജനങ്ങൾ ഭയവിഹ്വലരും ദുരിതബാധിതരുമായിരിക്കുന്നു.

അവർ അവരുടെ ഗ്രന്ഥത്തിലെഴുതി. മിർസാ സാഹിബിന്റെ

(കപട) വെളിപാടുകളെ സംബന്ധിച്ച് വായനക്കാർ സൂക്ഷ്മ നിരീക്ഷണം നടത്തുമെന്നു കരുതുന്നു. മിർസ സാഹിബ് പറയുകയുണ്ടായി (പ്രവചനം ചെയ്യുകയുണ്ടായി) പ്രസ്തുത പകർച്ചവ്യാധി ഖാദിയാനിൽ മലിനീകരണം നടത്തപ്പെടുന്നതല്ല എന്ന്! എന്നാൽ പായിസ അഖ്ബാർ എന്ന പത്രം പ്രഖ്യാപിക്കുന്നു, പ്രസ്തുത സാംക്രമിക രോഗം ഖാദിയാനിൽ പ്രവേശിച്ചിരിക്കുന്നുവെന്ന്!

അവർ വീണ്ടും പറയുന്നു. ഇത്തരം ഒരു അവസ്ഥയിൽ പ്രസ്തുത പകർച്ച വ്യാധി എത്തിയപ്പോൾ, ഖാദിയാനിലെ അനേകർ പ്ലേഗ് മൂലം മരണപ്പെട്ടപ്പോൾ, വാർത്ത മിക്കവാറും എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തപ്പോൾ മിർസാ (ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ഇത് അംഗീകരിക്കുവാൻ നിർബന്ധിതനായി തീർന്നു. അദ്ദേഹം (മിർസാ) അൽഹക്കമെ ഖാദിയാനിൽ 1907 ഏപ്രിൽ 10ന് ഇപ്രകാരം എഴുതുകയുണ്ടായി.

ഇപ്പോൾ ഈ, സംക്രമികരോഗം, ഒരഗ്നിപോലെ പടരുകയാണ്, അത് എല്ലായിടത്തേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. (ഈ അഗ്നി അനിതരസാധാരണമായ നിലയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു) എന്റെ അനുചരന്മാർക്കായി ഞാൻ അല്ലാഹുവിനോട് വളരെയധികം ദുആ ചെയ്യുകയുണ്ടായി. തന്മൂലം ഈ പകർച്ചവ്യാധി അവസാനിച്ചിരിക്കുന്നു. എന്നാൽ ദുആ (പ്രാർത്ഥന സ്വീകരിക്കുകയുണ്ടായില്ല) ഖബൂൽ ചെയ്യുകയുണ്ടായില്ല.

അതുമാത്രമല്ല, വാഗ്ദത്ത മസീഹ്(അ)ന്റെ, എതിരാളികൾ, ഈ രേഖാ തെളിവുകൾ നിരത്തി, തങ്ങളുടെ ഭാഗം ന്യായീകരിക്കുകയുണ്ടായി.

എന്റെ ഏറ്റവും പ്രിയപ്പെട്ട നവാബ് സാഹിബ്! എന്റെ പ്രിയപ്പെട്ട അബ്ദുർറഹ്മാൻ ഖാൻ സാഹിബ് വീണ്ടും അസുഖത്തിലായി എന്നറിഞ്ഞ് ഞാൻ ദുഃഖിതനാണ്, അല്ലാഹു(ത) അദ്ദേഹത്തിന് ശിഫാഉ നല്കട്ടെ, ഈ സ്ഥലത്ത് പ്ലേഗ് താണ്ഡവമാടുകയാണ്. ഒരു വ്യക്തിക്ക് പനി പിടിച്ചുകഴിഞ്ഞാൽ ഏതാനും മണിക്കൂറുകൾക്കകം അയാൾ മരണപ്പെടുകയാണ്. ഈ ശിക്ഷാനടപടി എപ്പോഴാണ് അവസാനിക്കുക എന്നത് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു.

പൊതുജനം വളരെയധികം ഭയപ്പാടിലാണ്. ജീവനോടെ കഴിയാം എന്ന ചിന്ത അപ്രത്യക്ഷമായിരിക്കുന്നു. എല്ലാ ഭാഗത്തു നിന്നും നിലവിളികളും രോദനങ്ങളുമാണ് ഉയരുന്നത്. എല്ലായിടവും മരണദിനങ്ങൾ തന്നെ. ഇപ്പോൾ എനിക്ക് എന്തു പറയുവാൻ കഴിയും! എനിക്ക് എന്തു ഉപദേശം നല്കുവാൻ കഴിയും? ഞാൻ എന്തുചെയ്യണമെന്നറിയാതെ ഉഴലുകയാണ്!

(മക്ത്തൂബാത്തെ അഹ്മദിയ്യ Vol 5 No. 4 Letter No. 36 P 112-115)

ഇന്ന് മിയാൻ മുഹമ്മദ് ഫസ്ൽ സാഹിബിന്റെ മകൻ, ന്യൂസ് പേപ്പർ എഡിറ്റർ, ഉം മരണകിടക്കയിൽ തന്നെ. അദ്ദേത്തിന് ന്യൂമോണിക് പ്ലേഗാണ്. അദ്ദേഹവും തന്റെ അവസാന ദിനങ്ങളിലാണ് കാണപ്പെടുന്നത്. എല്ലായിടവും രോദനങ്ങൾ തന്നെ! അല്ലാഹു(ത) അവന്റെ അനുഗ്രഹം നല്കട്ടെ.

(മക്ത്തൂബാത്തെ അഹ്മദിയ്യ Vol 5 No. 4 Letter No. 53 P 131)

ഇതുപോലെ അനേകം തെളിവുകൾ എനിക്ക് ഉദ്ധരിക്കുവാൻ കഴിയും, നിങ്ങളെ കാണിക്കുവാനായി, അതായത് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ഉം അഹ്മദിയ്യാ പ്രസ്ഥാനവും, അനുചരന്മാരും അഹ്മദീ മുസ്ലിംകൾ അല്ലാത്തവരിൽ നിന്നും എല്ലാ രീതിയിലുള്ള പരിഹാസങ്ങളിലൂടെയും അവർ കടന്നുപോയിട്ടുണ്ട്, പ്ലേഗ് സംബന്ധമായി നടത്തിയ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ! ഇപ്പോൾ ഇതാ, ചരിത്രം ആവർത്തിക്കുന്നു, ഇതിൽ നിന്ന് അഹ്മദി മുസ്ലിംകൾക്ക് എന്തെങ്കിലും പാഠം ലഭിച്ചുവോ? പാഠം ലഭിക്കേണ്ടതല്ലേ? ഇതുകൊണ്ടെല്ലാം അർത്ഥമാക്കുന്നത് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) കള്ളനാണെന്നാണോ? (നഊദ്ബില്ലാഹ്) പ്ലേഗ് സംബന്ധമായി കുത്തിയിരുന്ന് ചിന്തിക്ക്! അല്ലാഹു (ത)യുടെ ദൃഷ്ടാന്തങ്ങൾ സംബന്ധമായി വിഡ്ഢിത്തം പുലമ്പരുത്! നിങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ വളരെ താമസിച്ചുപോയിരിക്കുകയാണ്! ഇതാണ് ഈ കാര്യത്തെ സംബന്ധിച്ച് എനിക്ക് നല്കുവാനുള്ള വിനീതമായ ഉപദേശം.

സൗദിഅറേബ്യയിൽ പോയി ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിൽ നിന്ന് അഹ്മദീമുസ്ലിംകളെ, മറ്റെല്ലാ മുസ്ലിം വിഭാഗങ്ങളും ഒത്തുചേർന്ന് നിരോധനം ഏർപ്പെടുത്തി, മറ്റെല്ലാ വിഭാഗം മുസ്ലിംകളും ചേർന്ന് അവരെ പീഡനവിധേയരാക്കി. അതിനവർ പറ

ഞ്ഞകാര്യം ഹസ്രത് മിർസാഗുലാം അഹ്മദ്(അ) കള്ളനാണെന്നാണ്! വാഗ്ദത്ത മസീഹ്(അ) കള്ളനാണെന്നാണ്! അദ്ദേഹത്തിന്റെ പ്രവചനങ്ങളും കള്ളമാണെന്ന് പറഞ്ഞു. 1974 സെപ്തംബറിൽ, പാക്കിസ്ഥാനിൽ അവർ വീണ്ടും ഒത്തുചേർന്നു. അവർ നിയമം പാസ്സാക്കി, അഹ്മദീ മുസ്ലിംകൾ, മുസ്ലിംകൾ അല്ലാ എന്ന്! ഒരു രീതിയിലും ഇസ്ലാമിക സുന്നത്തു പിന്തുടരുവാൻ അനുവദിക്കാത്ത നിലയിൽ! അഹ്മദീ മുസ്ലിംകൾക്കെതിരിൽ അവർ അതിക്രൂരമായ പ്രവർത്തികളാണ് ചെയ്തത്.

ഇസ്ലാം അഹ്മദിയ്യത്തിലെ പ്രഥമരക്തസാക്ഷി, അഫ്ഗാനിസ്ഥാനിൽ, അബ്ദുൽലത്തീഫ് ശഹീദിന്റെ, ക്രൂരമായ കൊലപാതകത്തിലൂടെയാണ് അരങ്ങേറിയത്. അവർ അദ്ദേഹത്തിനും മറ്റൊരു അനുചരനും അവർ മരണശിക്ഷ വിധിക്കുകയുണ്ടായി. അതിനെതുടർന്ന് അനേകം അഹ്മദികൾക്ക്, അഹ്മദീ മുസ്ലിംകൾ അല്ലാത്തവരിൽ നിന്ന് മരണശിക്ഷ ലഭിക്കുകയുണ്ടായി. അഹ്മദീ മുസ്ലിം പള്ളികൾ ഇക്കാലത്തും അവർ ജുംആ ദിനത്തിൽ തകർക്കുന്നു. പ്രസ്തുത വെള്ളിയാഴ്ച ദിനത്തിൽ അനേകർ മരണപ്പെട്ടു. അഹ്മദിയ്യാ, ചരിത്രത്തിൽ, ഇതുപോലുള്ള, മരണശിക്ഷകൾ ആയിരക്കണക്കിനാളുകൾക്ക് ലഭിച്ചിട്ടുണ്ട്. അഹ്മദികൾ അല്ലാത്തവർക്ക് ഇപ്രകാരം ചെയ്യുവാൻ എന്തവകാശമാണുള്ളത്? അഹ്മദി മുസ്ലിംകൾ അല്ലാത്തവർ ചെയ്ത അന്നത്തെ പ്രഭാഷണങ്ങൾ പോലെ നിങ്ങളും പ്രഭാഷണങ്ങൾ ആരംഭിക്കുകയാണോ?

**ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന്റെ മേൽ വ്യാജമായി കുറ്റമാരോപിച്ച മറ്റു മുസ്ലിംകളുടെ അതേ തെറ്റ് ഇപ്പോൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ആവർത്തിക്കുകയാണോ?** അവർ ഏറ്റുവാങ്ങിയ പീഢനങ്ങളൊക്കെ നിഷ്ഫലമായിപ്പോയോ? എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന് പ്രബോധിക്കുന്നവരാണോ നിങ്ങൾ? എന്നിട്ട് നിങ്ങൾ പീഡിപ്പിക്കുക, അല്ലാഹുവിന്റെ ഒരു ദൂതന്റെ മേൽ വിഡ്ഢിത്തം പറഞ്ഞു നടക്കുക, അദ്ദേഹമോ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെയും ഹസ്രത് മിർസാ ഗുലാം അഹ്മദ്(അ)ന്റെയും ആത്മീയ അനന്തരാവകാശി ആയിരിക്കെ! നിങ്ങളുടെ പ്രവർത്തനങ്ങളെകുറിച്ച് നിങ്ങൾ ചിന്തിക്കുന്നില്ലേ?

ഞാൻ എവിടെ നിന്നു നോക്കിയാലും, ഈ നൂറ്റാണ്ടിൽ, നിങ്ങൾ സുന്നി മുസ്ലിംകളെക്കാളും, മറ്റിതര മുസ്ലിം വിഭാഗങ്ങളെക്കാളും അധഃപതിച്ചുപോയിരിക്കുന്നതായി കാണുന്നു. അൽഹംദുലില്ലാഹ്! മറ്റു മുസ്ലിം വിഭാഗങ്ങൾ അല്പാല്പമായി ഇസ്ലാമിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അതായത് പ്രവാചകത്വത്തിന്റെ വാതിൽ സംബന്ധമായി അതായത് പുതിയ ശരീഅത്തില്ലാത്ത പ്രവാചകത്വം –തുറന്നുകിടക്കുന്നതാണ്. ഇതു സംബന്ധമായി നിങ്ങൾ എന്തു പറയുന്നു? നിങ്ങൾ എപ്പോഴും പ്രബോധിച്ചിട്ടുള്ളത് ഈ വാതിൽ തുറന്നു കിടക്കുമെന്നാണ്! എന്നാൽ നിങ്ങളുടെ വിശ്വാസത്തെകൊണ്ട് തന്നെ അല്ലാഹു(ത) നിങ്ങളെ പരീക്ഷിച്ചപ്പോൾ, നിങ്ങൾ പിന്തിരിഞ്ഞു പോയിരിക്കുന്നു. തീർച്ചയായും ഇത് വളരെ ദുഃഖകരമായ ഒരു കാര്യം തന്നെയാണ്. തീർച്ചയായും ഇത് വളരെ വലിയ ഒരു വിപത്തുമാണ്!

അല്ലെയോ, വിഡ്ഢികളായ അഹ്മദീമുല്ലാക്കളെ! നിങ്ങൾ മനസ്സിലാക്കുക. നിങ്ങളെപോലുള്ളവരെപറ്റിയാണ് വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നത്. അവർ എന്തിനു പകരം തങ്ങളുടെ ആത്മാക്കളെ വിറ്റുവോ അതെത്ര നീചം! അതായത്, അല്ലാഹു അവന്റെ ദാസന്മാരിൽ അവൻ ഇച്ഛിക്കുന്നവർക്ക് തന്റെ അനുഗ്രഹം ഇറക്കുന്നതിനെകുറിച്ചുള്ള അസൂയ നിമിത്തം അവൻ അവതരിപ്പിച്ചതിൽ അവിശ്വസിക്കുക എന്നത് (എത്ര നീചം) അതിനാൽ അവർ മേൽക്കുമേൽ കോപത്തിന് പാത്രമായിരിക്കുന്നു. അവിശ്വാസികൾക്ക് അപമാനകരമായ ശിക്ഷയുണ്ട്. (അൽബക്കറ 2:91)

തൗറാത്ത് ചുമത്തപ്പെട്ടിട്ട് അത് (വേണ്ടവിധം) ചുമന്നിട്ടില്ലാത്തവരുടെ സ്ഥിതി ഏടുകൾ ചുമക്കുന്ന കഴുതയുടെ സ്ഥിതിപോലെയാണ്. അല്ലാഹുവിന്റെ വെളിപാടുകളെ നിഷേധിച്ച ജനതയുടെ ഉപമ എത്രമോശം! അധർമ്മകാരികളായ ജനങ്ങളെ അല്ലാഹു നേർമാർഗത്തിൽ നയിക്കുകയില്ല.

(സൂറ: അൽജുംആ 62:6)

അതുകൊണ്ട് അവർ അല്പം മാത്രം ചിരിച്ചുകൊള്ളട്ടെ! തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിനുള്ള ശിക്ഷയായി അവർ അധികം കരയുകയും ചെയ്യട്ടെ(സൂറ : അത്തൗബ 9:82)


എന്റെ സന്ദേശം ഇന്ന് ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്. ഞാനിത് തുടരുകയാണെങ്കിൽ, ഞാനിത് വളരെ ദീർഘിച്ചു സംസാരിച്ചുകൊണ്ടേയിരിക്കും. സമയം വൈകിപ്പോകുന്നതിനു മുൻപ് നിങ്ങൾ കാര്യങ്ങൾ വേണ്ട രീതിയിൽ ചിന്തിക്കുമോ?

അല്ലാഹുവിന്റെ കോപം ഏതുസമയത്തും നിങ്ങളിൽ വന്നു ഭവിക്കാം. സത്യാന്വേഷികളെ, നിങ്ങൾ ബോധ്യപ്പെടുത്തി, സത്യത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഹസ്രത് മിർസാഗുലാം അഹ്മദ്(അ)യിൽ നിന്നും മുസ്ലിം സമുദായത്തെ അകറ്റി നിർത്തുവാൻ പ്രസ്തുത മുസ്ലിം മുല്ലാക്കൾ ചെയ്തതുപോലെ! ആയതിനാൽ നിങ്ങൾ അതിരുവിട്ടു പോകരുത്. കാരണം അല്ലാഹു(ത)യ്ക്ക് നിങ്ങളുടെമേൽ വളരെ വലിയ ദുരന്തങ്ങൾ ഇറക്കുവാൻ കഴിവുള്ളവനാണ് എന്ന് തിരിച്ചറിയുക. ആയതിനാൽ നിങ്ങൾ സ്വയം സംസ്ക്കരിക്കുക, ഒട്ടും താമസിക്കരുത്, നിങ്ങൾ വളരെ വൈകിപോയിരിക്കുന്നു!

അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അവന്റെ ശരിയായ പാതയിൽ മാർഗദർശനം നല്കട്ടെ. അല്ലാഹു(ത)യുടെ കല്പനകളെപറ്റി ചിന്തിക്കുന്നവർക്ക് മാത്രമെ ഈ സന്ദേശം പ്രയോജനം ചെയ്യുകയുള്ളു. അവർ പ്രസ്തുത കല്പനകൾ അനുസരിച്ച് അവരുടെ ആത്മാക്കൾക്കുവേണ്ടി സ്വയം പ്രവർത്തിക്കുവാൻ തയ്യാറാകുകയും ചെയ്യുന്നതാണ്.

ശ്രവിച്ചതിന് നന്ദി പ്രകാശിപ്പിക്കുന്നു.

**അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു!**



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*